സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമാകുക. RSBY/കാരുണ്യ/താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ. ഇതിനായി സംസ്ഥാനതലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്.

(ഡി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ തന്നെ കാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി കാരുണ്യ ബെനവലന്റ് ഫണ്ട് നിലവിലുണ്ട്. സുകൃതം പദ്ധതി ബി.പി.എൽ. വിഭാഗം കാൻസർ രോഗികൾക്ക് മാത്രമായി ഉള്ളതാണ്.

## സൗജന്യ ജനറിക് മരുന്നുകളും അവയുടെ ദൗർലഭ്യവും

**26 (691)** <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ജനറിക് മരുന്നുകളാണ് സൗജന്യമായി നൽകുന്നത്;

(ബി) പ്രസ്തുത മരുന്ന് ദൗർലഭ്യം അനുഭവപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരുന്ന് ദൗർലഭ്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

### <u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 585 ഇനം ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്തുവരുന്നത്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യാനുള്ള ജനറിക് മരുന്നുകളുടെ സംഭരണത്തിനായുള്ള ടെണ്ടർ 2015 ജനുവരി 8-ന് ക്ഷണിച്ച്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ പർച്ചേസ് ഓർഡറുകൾ നൽകിക്കഴിഞ്ഞു. നിലവിൽ അവശ്യമരുന്നുകൾ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ലഭ്യമാണ്.

കൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിനായി വിതരണക്കാരെ ലഭിക്കാത്ത 71 ഇനം മരുന്നുകളും മുൻ വർഷത്തെക്കാൾ വളരെ കൂടിയ വില ക്വാട്ട് ചെയ്ത 20 ഇനം മരുന്നുകളും ഉൾപ്പെടെ 91 ഇനം മരുന്നുകൾക്കുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പിനെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്.

## അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

**27 (692)** <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിമിര രോഗികളെ കണ്ടെത്തുക, സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുക തുടങ്ങിയ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനായി നേത്ര പരിശോധകരില്ലാത്ത സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത സഞ്ചരിക്കുന്ന കണ്ണാശുപത്രികൾക്കായി വാഹനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വൃദ്ധജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സൗജന്യമായി കണ്ണട വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമീണ പ്രദേശങ്ങളിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ നേത്ര പരിശോധകർ (ഒപ്റ്റോമെട്രിസ്റ്റ്) നിലവിലുണ്ട്. നേത്ര രോഗ വിദഗ്ദ്ധരുള്ളതും എന്നാൽ നേത്ര പരിശോധകർ നിലവിലില്ലാത്തതുമായ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വാഹനം നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly